പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1811 — 11/02/2013-ൽ മറുപടിക്ക്

## കുടുംബശ്രീക്കാരുടെ സമരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | **ഡോ. എം. കെ. മുനീർ**<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
| (എ) | അടുത്തിടെ സെക്രട്ടേറിയറ്റ് നടയിൽ രാത്രിയും പകലുമായി കുടുംബശ്രീ പ്രവർത്തകർ നടത്തിയ സമരത്തിനാധാരമായി ഉന്നയിച്ച ഡിമാന്റുകൾ എന്തെല്ലാമായിരുന്നു; | (എ) | കുടുംബശ്രീ പ്രവർത്തകർ നടത്തിയ സമരത്തിനാധാരമായി ഉന്നയിച്ച ഡിമാന്റുകൾ താഴെപ്പറയുന്ന വയാണ്.<br>1. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയുടെ നോഡൽ ഏജൻസിയായി കുടുംബശ്രീയെ നിലനിർത്തുക.<br>2. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലിങ്കേജ് വായ്പ ലഭ്യമാക്കുക.<br>3. കുടുംബശ്രീ അംഗങ്ങൾ ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പ സർക്കാർ ഏറ്റെടുക്കുക.<br>4. കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുക.<br>5. മൾട്ടിപ്പിൾ ലോൺ ഉണ്ടാക്കാവുന്ന സാമ്പത്തിക ബാദ്ധ്യതയും കടക്കെണിയും പരിഗണിച്ച് അവ ഒഴിവാക്കുക.<br>6. തൊഴിലുറപ്പ് പദ്ധതിയുടെ മേറ്റ് സംബന്ധിച്ച്.<br>7. ജനശ്രീയ്ക്ക് നൽകിയ ആർ.കെ.വി.വൈ ഫണ്ട് സംബന്ധിച്ച്. |
| (ബി) | പ്രസ്തുത സമരം എത്ര ദിവസം നീണ്ടുനിന്നു; | (ബി) | 2012 ഒക്ടോബർ 2 മുതൽ 9 വരെ നീണ്ടു നിന്നു. |
| (സി) | പ്രസ്തുത സമരം അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും ഉറപ്പ് നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെ തുടർന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകൾ താഴെപ്പറ യുന്നു:<br>1. കേന്ദ്രസർക്കാർ അംഗീകരിച്ച പ്രോജക്ട് രേഖയിൽ പറയുന്നപോലെ കുടുംബശ്രീ മിഷൻ ദേശീയ ഉപജീവനമിഷന്റെ കേരളത്തിലെ നോഡൽ ഏജൻസിയായിരിയ്ക്കും. |

2. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 5-7 ശതമാനം പലിശനിരക്കിൽ വായ്പ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് ഉടനടി നടപ്പിലാക്കും. എൻ.ആർ.എൽ.എം. ന്റെ പലിശ സബ്സിഡി സ്കീം ഇതുമായി ബന്ധിപ്പിയ്ക്കും (പലിശ 4% മാക്കാൻ സർക്കാർ പരിശ്രമിക്കും).
3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഭവനശ്രീ പദ്ധതിപ്രകാരം സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പാതിരിച്ചടവ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഭവനശ്രീ വായ്പയാണെന്ന് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം അത് ഉടൻ നടപ്പിലാക്കും. (ഏകദേശം 12.16 കോടി രൂപ).
4. കുടുംബശ്രീയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇനി ആവശ്യമുണ്ടായാൽ നൽകും.
5. മൾട്ടിപ്പിൾ ലോൺ ഉണ്ടാക്കാവുന്ന സാമ്പത്തിക ബാധ്യതയും കടക്കെണിയും പരിഗണിച്ച് അവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
6. മേറ്റ് തെരഞ്ഞെടുപ്പിൽ സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളിൽ എ.ഡി.എസ്സ് അംഗത്വം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തും. മാനദണ്ഡപ്രകാരം പഞ്ചായത്ത് മേറ്റ് പട്ടിക തയ്യാറാക്കി മുൻകൂട്ടി പ്രസിദ്ധീകരിക്കും. ഇതിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിലായിരിക്കും മേറ്റിനെ നിശ്ചയിക്കുക.
7. ജനശ്രീയ്ക്ക് നൽകിയ ആർ.കെ.ബി. ഫണ്ട് സംബന്ധിച്ച് ബഹു. കേന്ദ്രമന്ത്രി ശ്രീ പവാറിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എടുക്കുന്ന തീരുമാനം സർക്കാർ അംഗീകരിയ്ക്കും. (സമരസമിതിയ്ക്ക് ഇനിയും പരാതിയുണ്ടെങ്കിൽ നേരിട്ട് കേന്ദ്രമന്ത്രിയ്ക്ക് അയച്ചുകൊടുക്കാവുന്നതാണ്).

സെക്ഷൻ ഓഫീസർ